بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്ബ**

**സംഗ്രഹം**

**27-06-2025**

# മക്കാവിജയം:
# അബൂസുഫിയാൻ ഇസ്‌ലാമിലേക്ക്

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

*തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും തിലാവത്ത് ചെയ്തതിനുശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു:*

നബിതിരുമേനി(സ) ആരുമറിയാതെ മക്കയുടെ സമീപം താവളമടിച്ചതിനെക്കുറിച്ചായിരുന്നവല്ലോ പറഞ്ഞുവന്നത്. പതിനായിരം സ്ഥലങ്ങളിൽ തീ കത്തിച്ചുവയ്ക്കാൻ നബിതിരുമേനി നിർദേശിച്ചു. ഇതു കണ്ട അബൂസുഫിയാനും കൂട്ടരും പരിഭ്രമചിത്തരായി. ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് വിവരിച്ചത്. കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുകയാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നല്കിയ വിശദീകരണം ഇപ്രകാരണമാണ്: ഹദ്റത്ത് അബ്ബാസ്(റ) അബൂസുഫിയാന്റെ ആദ്യകാല സുഹൃത്തായിരുന്നതിനാൽ അദ്ദേഹം അബൂസുഫിയാനെ നബിതിരുമേനി(സ)യുടെ സമക്ഷം ഹാജരാകാൻ പ്രേരിപ്പിക്കുകയും അദ്ദേഹത്തെ തന്നോടൊപ്പം ഒട്ടകപ്പുറത്ത് ഇരുത്തി നബിതിരുമേനി(സ)യുടെ സമക്ഷം എത്തിക്കുകയും ചെയ്തു. നബിതിരുമേനി(സ)യുടെ അടുക്കൽ എത്തിച്ചേർന്ന അബൂസുഫിയാൻ ഇസ്‌ലാമിക സൈന്യത്തിന്റെ പ്രതാപവും പ്രൗഢിയും ക്രമവിന്യാസങ്ങളും കണ്ടതോടെ അന്ധാളിച്ചു ഭയന്നു പോയി. അദ്ദേഹത്തിന്റെ മനസ്സിന് വല്ലാത്ത മാറ്റം വന്നു കഴിഞ്ഞിരുന്നു. കാരണം, ഏഴു വർഷം മുൻപ് അല്ലാഹുവിന്റെ ദൂതനെ(സ) മക്കയിൽനിന്ന് നിഷ്കാസനം ചെയ്ത ദിവസം ഓർക്കുകയായിരുന്നു അദ്ദേഹം. ഇന്ന് അതേ ദൈവദൂതൻ പതിനായിരത്തോളം വരുന്ന സൈന്യവുമായി ഒരു വിധ അന്യായമോ അതിക്രമമോ ചെയ്യാതെ തിരിച്ചെത്തിയിരിക്കുന്നു. അബൂസുഫിയാന്റെ അവസ്ഥ കണ്ടുകൊണ്ട് അദ്ദേഹം ഹദ്റത്ത് അബ്ബാസിനൊപ്പം രാത്രി കഴിച്ചു കൂട്ടട്ടെ, അങ്ങനെ അദ്ദേഹത്തിന് അവസ്ഥകൾ സ്വയം കണ്ട് മനസ്സിലാക്കാമല്ലോ എന്ന് നബിതിരുമേനി(സ) പറഞ്ഞു. ഫജർ നമസ്കാരത്തിന്റെ സമയമായപ്പോൾ മുസ്‌ലീങ്ങൾ വുളു എടുത്ത് സ്വഫ്ഫിൽ നിരയായി നിന്ന് നമസ്കരിക്കുന്നത് അബൂസുഫിയാൻ കണ്ടപ്പോൾ പുതിയ വല്ല ശിക്ഷയുമായിരിക്കുമോ ഇത് എന്ന് വ്യാകുലപ്പെട്ടു. ഇത് നമസ്കാരമാണെന്ന് ഹദ്റത്ത് അബ്ബാസ്(റ) അദ്ദേഹത്തോട് പറഞ്ഞു. ആയിരക്കണക്കിന് മുസ്‌ലീങ്ങൾ നബിതിരുമേനി(സ)യുടെ പിന്നിൽ റുകൂഉം സുജൂദും ചെയ്യുന്നത് അബൂ സുഫിയാൻ കണ്ടു. അദ്ദേഹം ഹദ്റത്ത് അബ്ബാസി(റ)നോട് പറഞ്ഞു: 'കിസ്രായുടെയും കൈസറിന്റെയും കൊട്ടാരം ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ മുഹമ്മദി(സ)ന്റെ കുടെയുള്ളവരെപ്പോലെ ആത്മാർഥത നിറഞ്ഞ ഒരു ജനതയെ ഞാൻ കണ്ടിട്ടില്ല.' ഹദ്റത്ത് അബ്ബാസ് പറഞ്ഞു: 'നിങ്ങൾ ഇപ്പോൾ റസൂൽ തിരുമേനി(സ)യോട് മാപ്പിന് അപേക്ഷിക്കുന്നതാണ് ഉചിതം.'

നമസ്കാരം കഴിഞ്ഞ് ഹദ്റത്ത് അബ്ബാസ്(റ) അബൂസുഫിയാനെ നബിതിരുമേനി(സ)യുടെ അടു

ക്കൽ കൊണ്ടുവന്നു. നബിതിരുമേനി(സ) അബൂസുഫിയാനോട് തൗഹീദിലും രിസാലത്തിലും വിശ്വസിക്കുന്നത് സംബന്ധിച്ച് ചോദിച്ചു. അബൂസുഫിയാൻ തൗഹീദ് അംഗീകരിച്ചെങ്കിലും രിസാലത്തിനെ സംബന്ധിച്ച് ചാഞ്ചല്യം പ്രകടിപ്പിക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ഹക്കീം ബ്നു ഹിസാമും മറ്റൊരാളും ഇതിനകം മുസ്‌ലിമായി കഴിഞ്ഞിരുന്നു. പിന്നീട് അബൂസുഫിയാനും ഇസ്‌ലാം സ്വീകരിച്ചെങ്കിലും മക്കാവിജയത്തിനു ശേഷമാണ് അദ്ദേഹത്തത്തിന് ദൃഢവിശ്വാസം കൈവന്നത്.

ഹക്കീം ബ്നു ഹിസാം നബിതിരുമേനി(സ)യോടു ചോദിച്ചു: 'സ്വന്തം ജനതയെ നശിപ്പിക്കാനാണോ ഈ സൈന്യം വന്നിരിക്കുന്നത്?'

മക്കക്കാർ അതിക്രമവും കരാർ ലംഘനവും ചെയ്യുകയും ഹറമിൽ വച്ച് രക്തച്ചൊരിച്ചിൽ നടത്തുകയും ചെയ്തതുകൊണ്ട് ഇത്തരമൊരു നടപടി ഒഴിച്ചു കൂടാത്തതായിരുന്നുവെന്ന് നബിതിരുമേനി(സ) വിശദീകരിച്ചു. വാളെടുക്കാതെ വീട്ടിൽ കഴിയുകയും അബൂസുഫിയാന്റെയോ ഹക്കീം ബ്നു ഹിസാമിന്റെയോ മസ്ജിദ് ഹറാമിന്റെയോ അഭയത്തിൽ വരുകയും ചെയ്തവർ സുരക്ഷിതരായിരിക്കുമെന്നും നബിതിരുമേനി(സ) വ്യക്തമാക്കി. അബൂസുഫിയാന്റെ ഇസ്‌ലാമിലുള്ള വിശ്വാസം ഇപ്പോഴും ദുർബലമാണെന്ന് ഹദ്‌റത്ത് അബ്ബാസ് (റ) ആശങ്ക പ്രകടിപ്പിച്ചതോടെ അബൂസുഫിയാൻ ഇസ്‌ലാമികസൈന്യത്തെ നേരിട്ട് കാണുന്നതുവരെ അദ്ദേഹത്തെ മക്കയിലേക്ക് പോകാൻ അനുവദിക്കരുതെന്ന് നബിതിരുമേനി(സ) നിർദേശിച്ചു. അങ്ങനെ ഗോത്രസൈന്യങ്ങൾ കടന്നുപോയിക്കൊണ്ടിരുന്ന ഒരു കുന്നിൻ ചെരുവിൽ ഹദ്‌റത്ത് അബ്ബാസ് (റ) അബൂസുഫിയാനെ തടഞ്ഞു നിർത്തി. ഇസ്‌ലാമികസൈന്യത്തിന്റെ കരുത്ത് അബൂസുഫിയാൻ കാണുകയായിരുന്നു.

പോരാട്ടത്തിന്റെ ദിവസമായ ഇന്ന്, കഅ്ബയോടുള്ള ആദരവ് പരിഗണിക്കപ്പെടുകയില്ല എന്ന് അൻസാറുകളുടെ സംഘത്തലവൻ ഹദ്‌റത്ത് സഅദ് ബ്നു ഉബാദ(റ) ആവേശത്തോടെ പറഞ്ഞു. ഇന്ന് എല്ലാം നശിച്ചൊടുങ്ങുന്ന ദിവസമായിരിക്കുമെന്ന് അബൂസുഫിയാൻ നിരീക്ഷിച്ചു. പിന്നീട് നബിതിരുമേനി(സ)യും ഒരു സൈന്യത്തോടൊപ്പം വന്നെത്തി. ഹദ്‌റത്ത് സുബൈർ ബ്നു അവാമിന്റെ കൈകളിലായിരുന്നു ഇസ്‌ലാമിക പതാക.

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണ് വന്നിരിക്കുന്നത്: നബിതിരുമേനി(സ) അബൂസുഫിയാന്റെ അടുത്തുകൂടെ കടന്നുപോയപ്പോൾ അദ്ദേഹം ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, സ്വന്തം സമുദായക്കാരെ കൂട്ടഹത്യ ചെയ്യാൻ അങ്ങ് കല്പന നല്കിയിട്ടുണ്ടോ? സഅദ് ബ്നു ഉബാദ ഇങ്ങനെയൊക്കെ പറയുന്നത് അങ്ങേയ്ക്ക് അറിയില്ലേ? അങ്ങയുടെ സമുദായത്തെ ചൊല്ലി ഞാൻ അല്ലാഹുവിനെ സാക്ഷിയാക്കി പറയുന്നു, എല്ലാവരിലും വച്ച് അങ്ങ് ഏറ്റവും പരിശുദ്ധനും രക്തബന്ധങ്ങൾ കൂട്ടിച്ചേർക്കുന്നവനും കാരുണ്യവാനുമാകുന്നു.' 'സഅദ് പറഞ്ഞത് തെറ്റാണ്.' തിരുമേനി പറഞ്ഞു. 'ഇന്ന് കാരുണ്യത്തിന്റെ ദിനമാണ്. അല്ലാഹു ഇന്ന് കഅ്ബയ്ക്ക് മഹത്ത്വം തന്നരുളുന്നതും ഖുറൈശികൾക്ക് യഥാർഥ അന്തസ്സ് പ്രദാനം ചെയ്യുന്നതുമാണ്.' നബിതിരുമേനി(സ) സഅദി(റ)ന് സന്ദേശമയച്ചുകൊണ്ട് അദ്ദേഹത്തിൽനിന്ന് പതാക വങ്ങുകയും അദ്ദേഹത്തിന്റെ മകൻ ഖൈസി(റ)നെ ഏൽപ്പിക്കുകയും ചെയ്തു.

ഇതു സംബന്ധമായി ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: ഇങ്ങനെ അവിടുന്ന് മക്കക്കാരെയും ആശ്വസിപ്പിക്കുകയും അൻസാറുകളുടെ ഹൃദങ്ങൾ വേദനിക്കാതെ നോക്കുകയും ചെയ്തു. നബിതിരുമേനി(സ)ക്ക് ഖൈസി(റ)നെ പൂർണവിശ്വാസമായിരുന്നു. എന്തെന്നാൽ, അങ്ങേയറ്റം മാന്യത പുലർത്തിയിരുന്ന യുവാവ് ആയിരുന്നു ഖൈസ്(റ). ഇബ്നു അബീ ശൈബ നിവേദനം: ഹദ്‌റത്ത് അബ്ബാസ്(റ) പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ മക്കക്കാരുടെ അടുക്കൽ പോയി അവരെ സത്യത്തിലേക്ക് ക്ഷണിക്കാം. അങ്ങ് അവർക്ക് സുരക്ഷ ഉറപ്പ് വരുത്തിയാലും! '

അങ്ങനെ അദ്ദേഹം നബിതിരുമേനി(സ)യുടെ ശഹ്ബാ എന്നു പേരുള്ള കുതിരയുമായി പുറപ്പെട്ടു. മക്കയിൽ എത്തിയ അദ്ദേഹം പറഞ്ഞു: 'മക്കക്കാരേ, ഇസ്‌ലാം സ്വീകരിക്കുക, നിങ്ങൾക്ക് രക്ഷ ലഭിക്കുന്നതാണ്. വലിയ ഒരു സൈന്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുകയാണ്. അതിനെ നേരിടാൻ നിങ്ങൾക്ക് ശക്തിയില്ല.'

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: താൻ മക്കക്കാരുടെ രക്ഷയ്ക്കുള്ള വഴിയൊരുക്കിയിരിക്കുന്നു എന്നതിൽ അബൂസുഫിയാൻ മനസ്സിൽ സന്തോച്ചു കൊണ്ടിരിക്കെ, ഇസ്‌ലാമിന്റെ ആരംഭം തൊട്ട് മുസ്‌ലീങ്ങളോട് പകയും വിദ്വേഷവും വച്ചു പുലർത്താൻ ജനങ്ങളെ പ്രേരിപ്പിച്ചു വന്നിരുന്ന, അവിശ്വാസിയായിട്ടു കൂടി ഒരു ധീര വനിതയായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ ഹിന്ദ മുന്നോട്ടു വന്ന് തന്റെ ഭർത്താവിന്റെ താടിരോമം പിടിച്ച് മക്കക്കാരോട് ഉച്ചത്തിൽ ഇങ്ങനെ പറയാൻ തുടങ്ങി, 'വിഡ്ഢിയായ ഈ കിഴവനെ വന്ന് കൊന്നേക്ക്. സ്വാത്മാക്കളുടെയും ഈ പട്ടണത്തിന്റെയും അഭി

മാനാർഥം നമുക്ക് പൊരുതി മരിക്കാമെന്ന് നിങ്ങളോട് ഉപദേശിക്കുന്നതിനു പകരം ഇയാൾ നിങ്ങളിൽ സമാധാനത്തിന്റെ വിളംബരം നടത്തുകയാണ്.'
അവളുടെ ഈ പ്രവൃത്തി കണ്ടപ്പോൾ അബൂസുഫിയാൻ പറഞ്ഞു: വിവരമില്ലാത്തവളേ, ഇതൊന്നും പറയാനുള്ള സമയമല്ലിത്. നീ സ്വന്തം വീട്ടിൽ പോയി ഒളിച്ചിരുന്നോ. ആ സൈന്യത്തെ കണ്ടു വന്നവനാണ് ഞാൻ. അതിനെ നേരിടാനുള്ള ശക്തി മൊത്തം അറേബ്യയ്ക്കു പോലുമില്ല.
ഇസ്‌ലാമിക സൈന്യം മക്കയിൽ പ്രവേശിക്കുന്ന സംഭവം ബുഖാരിയിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട്. ഹദ്റത്ത് ഉർവ നിവേദനം ചെയ്യുന്നു. മക്കയുടെ ഉയർന്ന ഭാഗമായ കദാഇലൂടെ പ്രവേശിച്ച് ഹജൂനിൽ പതാക സ്ഥാപിക്കുകയെന്നും താൻ വരുന്നതുവരെ എവിടെയും പോകരുതെന്നും നബിതിരുമേനി(സ) ഹദ്റത്ത് സുബൈറിന് കൽപന നല്കി. സൈന്യത്തിന്റെ വലതു ഭാഗത്തിന്റെ ചുമതല ഹദ്റത്ത് ഖാലിദ് ബ്നു വലീദിനായിരുന്നു. അദ്ദേഹത്തിന്റെ സൈന്യത്തിൽ അസ്‌ലം, സുലൈം, ഗിഫാർ, മുസൈന, ജുഹൈന എന്നീ ഗോത്രങ്ങൾ അണിനിരന്നു. അവർ മക്കയുടെ താഴ്ന്ന പ്രദേശങ്ങളിലൂടെ പ്രവേശിക്കട്ടെ എന്ന് നബിതിരുമേനി(സ) കല്പന നല്കി. അടുത്തുള്ള വീടുകൾക്കു മുൻപിൽ പതാക സ്ഥാപിക്കാനും അവരോട് കല്പിച്ചു. നബിതിരുമേനി(സ) ഹദ്റത്ത് അബൂ ഉബൈദ ബ്ൻ അൽജറാഹ്(റ)ന് കാലാൾപ്പടയുടെ ചുമതല നല്കി. യുദ്ധം ഉണ്ടാകാതെ നോക്കണമെന്നും പോരാട്ടത്തിന് വരുന്നവനോട് മാത്രം പൊരുതിയാൻ മതിയെന്നും അവിടുന്ന് തന്റെ നേതാക്കന്മാർക്ക് കല്പന നല്കിയിരുന്നു.
നബിതിരുമേനി(സ) മക്കയിൽ പ്രവേശിക്കാൻ തുടങ്ങുമ്പോഴേക്കും സഫ്‌വാൻ, ഇക്‌രിമ, സുഹൈൽ എന്നിവരെപ്പോലുള്ള മക്കയിലെ ഏതാനും പ്രമാണിമുഖ്യന്മാർ മുസ്‌ലീങ്ങളോട് യുദ്ധം ചെയ്യാൻ തയ്യാറെടുപ്പുകൾ നടത്തുകയും ഖുറൈശികളുടെയും ബനൂബക്കർ ഗോത്രത്തിന്റെയും ഹുസൈൽ ഗോത്രത്തിന്റെയും ആളുകളെ ഖന്ദമ എന്ന സ്ഥലത്ത് ഒരുമിച്ചു കൂട്ടുകയും ചെയ്തു. മുഹമ്മദ്(സ)ന് സൈനികശക്തികൊണ്ട് മക്കയിൽ പ്രവേശിക്കാനാവില്ലെന്ന് അവർ ശപഥം ചെയ്യുകയായിരുന്നു. ബനൂബക്കർ ഗോത്രത്തിൽ ജിമാശ് ബ്നു ഖൈസും അഹംഭാവപൂർവം ഒരുങ്ങി വന്നെങ്കിലും മുഹമ്മദ്(സ)നെ നേരിടുക സാധ്യമല്ലെന്ന് അയാളുടെ ഭാര്യ താക്കീതു നല്കി. എന്നിട്ടും അയാൾ ഖന്ദമയിലേക്കുപോയി. ഖാലിദ് ബ്ൻ വലീദിന്റെ സൈന്യം ആ പ്രദേശത്തിലൂടെ മക്കയിൽ പ്രവേശിക്കാൻ ആഗ്രഹിച്ചപ്പോൾ ഈ മുശ്‌രിക്കുകൾ എതിർക്കുകയും യുദ്ധമുണ്ടാവുകയും ചെയ്തു. തത്ഫലമായി, ബനൂബക്കർ ഗോത്രത്തിലെ ഇരുപതുപേരും ഹുസൈൽ ഗോത്രത്തിലെ മൂന്നോ നാലോ പേരും കൊല്ലപ്പെടുകയും ശത്രുക്കൾ അങ്ങേയറ്റം പരാജിതരായി  നാലുപാടും ചിതറിപ്പോവുകയും ചെയ്തു. ജിമാശ് ബ്നു ഖൈസും യുദ്ധക്കളത്തിൽനിന്ന് ഓടി വീട്ടിലെത്തി ഭാര്യയോട് കതക് അടയ്ക്കാൻ പറഞ്ഞു. ഭാര്യ അയാളെ പരിഹസിച്ചപ്പോൾ അയാൾ ലജ്ജിച്ച് ചില വരികൾ ചൊല്ലി. അവയുടെ അർഥം ഇപ്രകാരമായിരുന്നു: ഖന്ദമയിൽ നടന്ന യുദ്ധം അവൾ കണ്ടിരുന്നെങ്കിൽ സഫ്‌വാനും ഇക്‌രിമയുമെല്ലാം യുദ്ധക്കളം വിട്ട് ഓടിക്കഴിഞ്ഞിരുന്നുവെന്നും തങ്ങളുടെ ശിരസ്സുകളിൽ വാളുകൾ വർഷിക്കുകയായിരുന്നുവെന്നും അവൾ അറിഞ്ഞേനെ.
ഹദ്റത്ത് ഖാലിദിന്റെ രണ്ടു കുതിരപ്പടയാളികൾ കൊല്ലപ്പെട്ടുവെന്ന് ബുഖാരിയിലുണ്ട്. മക്കക്കാർ രക്ഷ ചോദിച്ചു കൊണ്ടിരുന്നപ്പോഴും ജീവത്യാഗം ചെയ്തു കൊണ്ട് സ്നേഹത്തിന്റെ ഉദാത്ത മാതൃക കാണിച്ച തന്റെ ആത്മാർഥ കൂട്ടുകാരെ അന്നേരം നബിതിരുമേനി(സ) മറന്നിരുന്നില്ല. ഏതാനും വർഷം മുൻപ് മക്കയുടെ തെരുവുകളിൽ ഏറ്റുവാങ്ങിയിരുന്ന പീഡനങ്ങൾ അവിടുന്ന് ഓർത്തിരിക്കണം. കല്ലും മുള്ളും നിറഞ്ഞ ഈ തെരുവിലൂടെ ബന്ധനസ്ഥനായി വലിച്ചിഴക്കപ്പെട്ട ബിലാൽ(റ) അന്ന് വിജയസംഘത്തിലുണ്ടായിരുന്നു. പീഡനമുറകളുടെ ദൃശ്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിലും തെന്നിമറിയുന്നുണ്ടാകും. ഇതിന് പ്രതികാരം ചെയ്യണമെന്ന് നബി(സ) മനസ്സിലാക്കി. എത്ര മനോഹരമായാണ് നബിതിരുമേനി(സ) പ്രതികാരം ചെയ്തത്!
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: മക്കാവിജയസമയത്ത് നബിതിരുമേനി(സ) ബിലാലി(റ)ന്റെ സഹോദരൻ അബീ റുവൈഹയ്ക്ക് പതാക നല്കിക്കൊണ്ട് ഇദ്ദേഹത്തിന്റെ കൊടിക്കീഴിൽ വരുന്നവർ സുരക്ഷിതരായിരിക്കുമെന്ന് വിളംബരപ്പെടുത്തി. മക്കയുടെ തെരുവുകളിൽ ചെന്ന് ഇങ്ങനെ വിളംബരം ചെയ്യാൻ അവിടുന്ന് ബിലാൽ(റ)ന് കല്പന നല്കുകയും ചെയ്തു. ആഗാധമായ യുക്തിജ്ഞാനത്തിന്റെയും ഇസ്‌ലാമിന്റെ ഉന്നത ധാർമികഗുണങ്ങളുടെയും പ്രതീകമായിരുന്നു ഈ നടപടി. മക്കയുടെ തെരുവോരങ്ങളിൽ പീഡനങ്ങൾക്കിരയായ വ്യക്തിയായിരുന്നു ബിലാൽ(റ). നബിതിരുമേനി(സ) ഇതിന് വാളുകൊണ്ടല്ല, ബിലാലി(റ)നെ രക്ഷയുടെ പ്രതിനിധിയാക്കിക്കൊണ്ടാണ് പ്രതികാരം ചെയ്തത്. ഈ പ്രവൃത്തി മുഖേന

ബിലാൽ(റ)ന്റെ ഹൃദയത്തിലുണ്ടായിരുന്ന പ്രതികാരാഗ്നി സ്നേഹാദരങ്ങളായി പരിണമിച്ചു. ഒരു കാലത്ത് നിന്ദ്യമായ പെരുമാറ്റങ്ങൾക്ക് കുറിമാനമായിരുന്ന അടിമയായ താൻ ഇന്ന് ഇവർക്ക് രക്ഷ നല്കുന്നുവെന്ന് ഒരുവേള ബിലാൽ ആലോചിച്ചിരിക്കണം. ഹദ്റത്ത് യൂസുഫ്നബി(അ)യെക്കാൾ മഹത്തരമായ പ്രതികാരമായിരുന്നു ഇത്. എന്തെന്നാൽ, ഹദ്റത്ത് യൂസുഫ്നബി(അ) സഹോദരങ്ങൾക്ക് മാപ്പു നല്കി. നബിതിരുമേനി(സ)യാകട്ടെ, തന്റെ സമുദായത്തിന് ഒരു അടിമ മുഖേന മാപ്പു നല്കി. ഈ പ്രവൃത്തി ഇസ്‌ലാമിക നീതിയുടെയും കാരുണ്യത്തിന്റെയും നിദർശനം മാത്രമല്ല, ബിലാലിനെ(റ) പോലെ പീഡിതരായ ദുർബലരോടുള്ള പകരം വയ്ക്കാനില്ലാത്ത ആദരവായ്പും കൂടിയാണ്. ഇസ്‌ലാമിക ചരിത്രത്തിൽ ഇത് എന്നെന്നും സ്മരിക്കപ്പെടുന്നതായിരിക്കും.

നമ്മുടെ യജമാനരും നേതാവുമായ നബിതിരുമേനി(സ)യുടെ പ്രതികാരത്തിന്റെ ഉദാത്ത മാതൃകയാണിത്. ***അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദ്ദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് സല്ലിം ഇന്നക്ക ഹമീദുൻ മജീദ്.*** മക്ക കീഴടക്കുന്നതിന്റെ പ്രാഥമിക വിവരണമാണിത്. ഇത് തുടരുന്നതായിരിക്കും ഇൻശാ അല്ലാഹ്.

ഖുതുബയുടെ അവസാനം, ലാഹോറിലെ ബഹുമാന്യ ഇനാമുല്ലാഹ് സാഹിബിന്റെ ഭാര്യ അമീന സാഹിബയെ അനുസ്മരിച്ചുകൊണ്ട് നമസ്കാര ശേഷം ഇവരുടെ ജനാസ നമസ്കരിപ്പിക്കുന്നതാണെന്ന് ഹുസൂർ തിരുമനസ്സ് വിളംബരം ചെയ്തു.

**വിവ: ആരിഫ് മുഹമ്മദ് ബി.എം**

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِی الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 27.06.2025
MALAYALAM TRANSLATION BY ARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516